# കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്

ലേബർ വെൽഫെയർ ഫണ്ട് ബോർഡ് ബിൽഡിംഗ്, റ്റി.സി.നമ്പർ.28/2857(1),
കുന്നുംപുറം റോഡ് വഞ്ചിയൂർ.പി.ഒ. തിരുവനന്തപുരം-35
CEO ഫോൺ: 0471-2464240 തിരുവനന്തപുരം ജില്ലാഓഫീസ് ഫോൺ: 0471-2578820

2.2.2016 ലെ സർക്കാർ ഉത്തരവ് (അച്ചടി)നമ്പർ 24/2016/തൊഴിൽ പ്രകാരം കേരള കൈതൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമ പദ്ധതി, കേരള ഗാർഹിക തൊഴിലാളി ക്ഷേമ പദ്ധതി, കേരള ബാർബർ/ ബ്യൂട്ടീഷ്യൻസ് ക്ഷേമപദ്ധതി, കേരള അലക്ക് തൊഴിലാളി ക്ഷേമ പദ്ധതി, കേരള പാചക തൊഴിലാളി ക്ഷേമനിധി പദ്ധതി, കേരള ക്ഷേത്ര ജീവനക്കാരുടെ ക്ഷേമ നിധി പദ്ധതി എന്നീ പദ്ധതികൾ കൂട്ടിച്ചേർത്ത് രൂപീകരിച്ച കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹിക സുരക്ഷാപദ്ധതിയിൽ അംഗങ്ങളാകുന്നവർ തൊഴിലാളി വിഹിതമായ 50/- രൂപയും ചേർത്ത് പ്രതിമാസം 100/-രൂപ അംശാദായമായി പദ്ധതിയിൽ ഒടുക്കേണ്ടതാണ്. 14 വയസ്സ് പൂർത്തീകരിക്കുകയും 59 വയസ്സ് പൂർത്തിയാകാതിരിക്കുകയും ചെയ്ത, മറ്റു ക്ഷേമപദ്ധതികളിൽ അംഗമല്ലാത്ത എല്ലാ അസംഘടിത തൊളിലാളികൾക്കും സ്വയം തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്കും ഈ പദ്ധതിയിൽ അംഗമാകാൻ കഴിയുന്നതാണ്. സ്കൂൾ സർട്ടിഫിക്കറ്റ്, ജനനസർട്ടിഫിക്കറ്റ്, പാസ്പോർട്ട്, തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡ്, റേഷൻകാർഡ്, ആധാർകാർഡ് എന്നിവയിൽ ഏതെങ്കിലും ഒന്നിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും അഞ്ച് ഫോട്ടോയും തൊഴിൽ ചെയ്യുന്നത് സംബന്ധിച്ച സ്വയം സാക്ഷ്യപത്രവും 25/-രൂപ രജിട്രേഷൻ ഫീസും സഹിതം അപേക്ഷസമർപ്പിക്കുന്നവർക്ക് പദ്ധതിയിൽ അംഗത്വം ലഭിക്കുന്നതാണ്.

## പദ്ധതിയംഗങ്ങൾക്ക് അർഹതയ്ക്കനുസരിച്ച് ചുവടെ ചേർക്കുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്

**റിട്ടയർമെന്റാനുകൂല്യം**: പദ്ധതിയിൽ കുറഞ്ഞത് ഒരുവർഷമെങ്കിലും അംഗത്വം നിലനിർത്തിയശേഷം 60 വയസ്സ് പൂർത്തിയാക്കി വിരമിക്കുന്നവർക്ക് അവർ പദ്ധതിയിൽ ഒടുക്കിയ തുകയ്ക്ക് ആനുപാതികമായി റിട്ടയർമെന്റ് ആനുകൂല്യം ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

**വാർദ്ധക്യകാല പെൻഷൻ**: 60 വയസ്സ് പൂർത്തിയാക്കി പദ്ധതിയിൽ നിന്നും റിട്ടയർ ചെയ്യുന്ന അംഗത്തിന് അതത് കാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ പെൻഷൻ ലഭിക്കുന്നതാണ്.

**കുടുംബപെൻഷൻ**: പദ്ധതിയിൽ കുറഞ്ഞത് 10 വർഷം അംശാദായം അടച്ച് പെൻഷനർഹനായ അംഗം മരണമടഞ്ഞാൽ ടി അംഗത്തിന്റെ കുടുംബത്തിന് കുടുംബപെൻഷൻ ലഭിക്കുന്നതാണ്.

**അവശതാപെൻഷൻ**: പദ്ധതിയിൽ കുറഞ്ഞത് 5 വർഷം അംശാദായം ഒടുക്കിയ അംഗത്തിന് അപകടം മൂലം ജോലിചെയ്യാൻ കഴിയാത്ത അവസ്ഥ ഉണ്ടാകുന്ന പക്ഷം സ്ഥിരവും പൂർണ്ണവുമായ ശാരീരിക അവശത 50% ത്തിന് മുകളിലാണെങ്കിൽ അവശതാപെൻഷൻ ലഭിക്കുന്നതാണ്.

**ചികിത്സാസഹായം**: പദ്ധതിയംഗങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും Chis/Chis+ പദ്ധതിയിലെ വ്യവസ്ഥകൾക്ക് വിധേയമായി ചികിത്സാസഹായം ലഭിക്കുന്നതാണ്.

**വിദ്യാഭ്യാസാനുകൂല്യം**: പദ്ധതിയിലെ അംഗങ്ങളുടെ മക്കൾക്ക് പദ്ധതിയിൽ പ്രതിപാദിക്കുന്ന വിധം പഠനകാലയളവിൽ പ്രതിവർഷം 750/-രൂപ മുതൽ 2500/- രൂപ വരെ വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്നതാണ്.

**പ്രസവാനുകൂല്യം**: ഒരു വർഷമോ അതിലധികമോ തുടർച്ചയായി അംശദായം അടച്ച ഒരു വനിതാംഗത്തിന് പ്രസവധനസഹായമായി 15000/- രൂപ വരെ ലഭിക്കുന്നതാണ്.

**വിവാഹധനസഹായം**: ഒരു വർഷമോ അതിലധികമോ തുടർച്ചയായി അംശദായം അടച്ച അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കളുടെ വിവാഹത്തിനും പദ്ധതിയിലെ വനിതാംഗങ്ങളുടെ വിവാഹത്തിനും ധനസഹായമായി 10000/- രൂപ ലഭിക്കുന്നതാണ്.

**മരണാനന്തരസഹായവും അപകടാനുകൂല്യവും**: അസുഖം മൂലമോ അപകടം മൂലമോഒരംഗം മരണമടഞ്ഞാൽ അവകാശിക്ക് റിട്ടയർമെന്റ് ആനുകൂല്യവും മരണാനന്തര ചെലവുകൾക്കായി 1000/-രൂപയും ലഭിക്കുന്നതിനു പുറമേ 'പ്രധാനമന്ത്രി ജീവൻ ജ്യോതി ബീമായോജന' (PMJJBY) പദ്ധതിയിലെ വ്യവസ്ഥകൾക്ക് വിധേയമായി മരണാനന്തര സഹായവും ലഭിക്കുന്നതാണ് അംഗത്തിന് അപകടമുണ്ടായാൽ PMJJBY പദ്ധതിയിലെ വ്യവസ്ഥകൾക്ക് വിധേയമായി അപകടാനുകൂല്യവും ലഭിക്കുന്നതാണ്.

**വായ്പാ ധനസഹായം**:

a. വിവാഹവായ്പാ ധനസഹായം
b. വീടുനിർമ്മാണത്തിനും അറ്റകുറ്റപണികൾക്കുമുള്ള വായ്പാധനസഹായം
c. സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള ധനസഹായം

10 വർഷത്തിൽ കൂടുതൽ അംശാദായം അടച്ച അംഗങ്ങൾക്ക് വിവാഹം, വീട് നിർമ്മാണം, സ്വയംതൊഴിൽ ചെയ്യൽ എന്നീ ആവശ്യങ്ങൾക്കായി അവർ പദ്ധതിയിൽ ഒടുക്കിയ തുകയുടെ 50 % ന്റെ 75 % വരെയുള്ള തുക മൂന്ന് വർഷത്തിനുള്ളിൽ തിരിച്ചടക്കത്തക്കവിധത്തിൽ പലിശരഹിതവായ്പയായി അനുവദിക്കുന്നതാണ്.

DEO
തിരുവനന്തപുരം

# 2015–ലെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷിതത്വ പദ്ധതി

ഫോറം നമ്പർ 1

[ഖണ്ഡിക 5 (1) കാണുക]

## രജിസ്ട്രേഷനുള്ള അപേക്ഷ

ഫോട്ടോ പതിക്കുക
രണ്ട് ഫോട്ടോ കൂടി ഹാജരാക്കുക

1. അപേക്ഷകന്റെ/അപേക്ഷകയുടെ പേര് :
2. അച്ഛന്റെ/ഭർത്താവിന്റെ പേര് :
3. ജനനതീയതിയും വയസ്സും :
( സ്കൂൾ സർട്ടിഫിക്കറ്റ് /പാസ്പോർട്ട്/ ജനന സർട്ടിഫിക്കറ്റ് ഇവയിലേതെങ്കിലും ഒന്നിന്റെ പകർപ്പ് ഹാജരാക്കുക)
4. മേൽവിലാസം :

ഫോൺ നമ്പർ :

ഇ-മെയിൽ :

(തപാലാഫീസ്, വില്ലേജ്, താലൂക്ക്, ജില്ല, പിൻകോഡ്, ടെലഫോൺ നമ്പർ ഉൾപ്പെടെ)

5. വൈവാഹിക പദവി : അവിവാഹിതൻ/അവിവാഹിത/ വിവാഹിതൻ/വിവാഹിത/ വിധവ/വിഭാര്യൻ
6. തൊഴിലാളിയെങ്കിൽ ജോലിയുടെ സ്വഭാവം :
   1) തൊഴിലുടമയുടെ വിവരം :
   2) ദിവസ/മാസവേതനം :
   3) തസ്തിക :
7. ജോലി ചെയ്യുന്ന സ്ഥാപനത്തിന്റെ പേരും മേൽവിലാസവും :
8. ആകെ തൊഴിലാളികളുടെ എണ്ണം :
9. എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ്/ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് സ്കീം എന്നിവയിൽ അംഗമാണെങ്കിൽ അംഗത്വ നമ്പർ :

എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് :

എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് :

10. അപേക്ഷകന്റെ മാസ വരുമാനം :

11. അപേക്ഷക

(1) മതം/ജാതി :

(2) പട്ടികജാതി/പട്ടികവർഗ വിഭാഗം :

(3) എ.പി.എൽ /ബി.പി.എൽ വിഭാഗം :

(അപേക്ഷ സമർപ്പിക്കുന്ന സമയത്ത്)

12. അപേക്ഷകൻ മറ്റേതെങ്കിലും ക്ഷേമനിധിയിൽ അംഗമാണോ? : ആണ് / അല്ല

13. അംഗം ആണെങ്കിൽ

(1) എത് നിധി :

(2) എന്ന് ചേർന്നു :

(3) എപ്പോൾ വരെ അംശാദായം അടച്ചു :

(4) അംഗത്വ നമ്പർ :

## സാക്ഷ്യപത്രം

ഞാൻ.......................................................................................................................................(പേര്), അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷിതത്വ ആക്ട് (2008 -ലെ 33-ാം കേന്ദ്ര ആക്ട്)പ്രകാരമുള്ള ഒരു അസംഘടിത തൊഴിലാളിയാണെന്നും മേൽപ്പറഞ്ഞ വിവരങ്ങളെല്ലാം സത്യമാണെന്നും ബോധിപ്പിച്ച്കൊള്ളുന്നു. ഇതോടൊപ്പം ഖണ്ഡിക 5 ഉപഖണ്ഡിക (1) - ൽ പരാമർശിച്ച പ്രകാരമുള്ള .........................................................രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാജരാക്കുന്നു.

സ്ഥലം :

തീയതി :

അപേക്ഷകന്റെ പേര്/ഒപ്പ്/വിരലടയാളം

# 2015 – ലെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷിതത്വ പദ്ധതി

ഫോറം നമ്പർ 4

[ഖണ്ഡിക 6 കാണുക]

## നാമ നിർദ്ദേശ പത്രിക

എന്റെ മരണം സംഭവിക്കുന്ന സംഗതിയിൽ എന്റെ പേരിലുള്ള ആനുകൂല്യങ്ങളും അർഹത പ്പെട്ട തുകയും വാങ്ങാൻ താഴെ പേരെഴുതിയിട്ടുള്ള ആളെ/ആളുകളെ ഇതിനാൽ നാമനിർദ്ദേശം ചെയ്യുന്നു.

| പേര് | മേൽവിലാസം | വയസ്സും, ജനന തീയതിയും | അപേക്ഷക നുമായുള്ള ബന്ധം | അവകാശി പ്രായപൂർത്തി യായിട്ടില്ലെ ങ്കിൽ ജനന തീയതി | മുഴുവനായോ അംശമാണെ ങ്കിൽ അംശം എത്രയെന്ന് വ്യക്തമാക്കുക |
|---|---|---|---|---|---|
| 1. | | | | | |
| 2. | | | | | |
| 3. | | | | | |
| 4. | | | | | |

കുറിപ്പ്:- കുടുംബത്തിലെ അംഗത്തിനെ /അംഗങ്ങളെ മാത്രം നാമനിർദ്ദേശം ചെയ്യണം. അല്ലാത്തപക്ഷം നാമനിർദ്ദേശം അസാധുവായി കരുതപ്പെടും

സ്ഥലം :

തീയതി :

അപേക്ഷകന്റെ ഒപ്പ് /വിരലടയാളം

GLMK-1091/17